നം: എഫ്3/15862 /2016 വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
എറണാകുളം, തിയതി.21.11.2016.

പ്രേഷിതൻ,

വിദ്യാഭ്യാസ ഉപഡയറക്ടർ,
എറണാകുളം.

സ്വീകർത്താവ്,

ജില്ല/ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ,
..........................................

സർ,

വിഷയം: പ്രി-മെട്രിക് സ്കോളർഷിപ്പ് 2016-17- User Name/ Password എന്നിവ റീസെറ്റ് ചെയ്യുന്നത് സംബന്ധിച്ച്.

സൂചന: പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ...../11/2016-ലെ കത്ത് നം.എൻ2/49655/16.

==============

മേൽ സൂചന പ്രകാരം 2016-17 വർഷത്തെ പ്രി-മെട്രിക് സ്കോളർഷിപ്പിനുള്ള ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയ പരിധി നവംബർ 30-ന് അവസാനിക്കുകയാണ്. ലഭ്യമായ കണക്കുകൾ പ്രകാരം നിരവധി സ്കൂൾ ഹെഡ്മാസ്റ്റർമാർ ഇനിയും കുട്ടികളുടെ അപേക്ഷകളിൻമേൽ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ല.

കുട്ടികൾ സ്കോളർഷിപ്പിന് ഓൺലൈൻ അപേക്ഷ സമർപ്പിക്കുകയും, എന്നാൽ ഹെഡ്മാസ്റ്റർമാർ സൂക്ഷ്മ പരിശോധന നടത്താത്തിന്റെ പേരിൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കാത്തതായി ശ്രദ്ധയിൽപെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

ഒരു സ്കൂളിലെ കുട്ടികളുടെ ഓൺലൈൻ അപേക്ഷകൾ മറ്റ് സ്കൂളുകളിലെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതായി (സോഫ്റ്റ് വെയർ അപാകത) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരം ലഭിച്ച ഓൺലൈൻ അപേക്ഷകൾ കുട്ടികളുടെ പേര് ഉൾപ്പെട്ടിട്ടുള്ള സ്കൂളിൽ നിന്നും നിർബന്ധമായും കൺഫർമേഷൻ രേഖപ്പെടുത്തി ജില്ല/സംസ്ഥാന പരിശോധനകൾക്കായി സമർപ്പിക്കേണ്ടതാണ്.

ഇനിയും പുതിയ User Name/ Password ലഭിച്ചിട്ടില്ലാത്ത സ്കൂളുകൾ , അവരുടെ സ്കൂളിന്റെ പേര്, UDISE നം, പ്രധാനാദ്ധ്യാപകൻ ഓൺലൈൻ രജിസ്റ്റർ ചെയ്ത മൊബൈൽ നം. എന്നിവ 9895094778, 9447874369 എന്നീ ഏതെങ്കിലും ഒരു നമ്പറിലേക്ക് എസ്.എം.എസ്.അയക്കേണ്ടതാണ്. ഈ നമ്പറിലേക്ക് വിളിക്കുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു.

അപേക്ഷകൾ വേരിഫിക്കേഷൻ നടത്തുന്നതിന് എന്തെങ്കിലും സാങ്കേതിക ബുദ്ധിമുട്ടുകൾ നേരിടുന്ന സ്കൂളുകൾക്ക് (എൽ.പി/യു.പി/എച്ച്.എസ് ഉൾപ്പെടെ)

താഴെ പറയുന്ന തിയതികളിൽ ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ആഫീസിൽ നിന്നും സാങ്കേതിക സഹായങ്ങൾ ലഭിക്കുന്നതാണ്.

1. ആലുവ ജില്ലാവിദ്യാഭ്യാസ ആഫീസിന്റെ പരിധിയിൽ വരുന്ന എൽ.പി/യു.പി/എച്ച്.എസ് ഉൾപ്പെടെയുള്ള സ്കൂളുകൾ – 24.11.2016 – 11.00 മുതൽ
2. മൂവാറ്റുപുഴ – 23.11.2016 – 11.00 മുതൽ
3. എറണാകുളം – 23.11.2016 – 11.00 മുതൽ
4. കോതമംഗലം – 24.11.2016 – 11.00 മുതൽ

ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

വിദ്യാഭ്യാസ ഉപഡയറക്ടർ
എറണാകുളം.

പകർപ്പ്.
എൽ.പി/യു.പി/എച്ച്.എസ്. പ്രധാനാദ്ധ്യാപകർക്ക്
(ജില്ല/ഉപജില്ല വിദ്യാഭ്യാസ ആഫീസർ മുഖാന്തിരം.

എൻ.എസ്.21.11